പതിമൂന്നാം കേരള നിയമസഭ

പത്താം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ .3597

30.01.2014-ൽ മറുപടിയ്ക്ക്

## കടാശ്വാസത്തിനായി സമർപ്പിച്ച പട്ടിക

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| | ശ്രീ. എസ്. ശർമ്മ | | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പ് മന്ത്രി) |
| (എ) | മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ സർക്കാരിന് സമർപ്പിച്ച ലിസ്റ്റിൽ ഉൾപ്പെട്ടവരുടെ കടം എഴുതിത്തള്ളുന്നതിന് ഈ സർക്കാർ സ്വീകരിച്ച നടപടിയെന്തെന്ന് വ്യക്തമാക്കാമോ; | (എ) | ഈ സർക്കാർ അധികാരത്തിൽ വന്നതിനുശേഷം, സഹകരണ മേഖലയുമായി ബന്ധപ്പെട്ട് കടാശ്വാസം ശുപാർശ ചെയ്ത് കമ്മീഷൻ സർക്കാരിലേയ്ക്ക് നൽകിയ 1-ാമതു ലിസ്റ്റിൽ ഉൾപ്പെട്ട 15,738 മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നൽകുന്നതിനായി 49,70,20,294/- രൂപയും NMDFC/NBCFDC വായ്പ എടുത്ത് കുടിശ്ശികയായിട്ടുള്ള 308 മത്സ്യത്തൊഴിലാളികൾക്ക് 35,95,000/- രൂപ കടാശ്വാസത്തിനായി മത്സ്യഫെഡിനും നൽകിയിട്ടുണ്ട്. കൂടാതെ 2013-14 സാമ്പത്തിക വർഷം സഹകരണ വകുപ്പുമായി ബന്ധപ്പെട്ട് പരിശോധന പൂർത്തിയായ II, III ലിസ്റ്റുകളിൻമേൽ പരിശോധന പൂർത്തിയാക്കിയ അക്കൗണ്ടുകളിന്മേൽ കടാശ്വാസം നല്കുന്നതിന് 8,85,61,330/- കോടി രൂപ സഹകരണ വകുപ്പ് രജിസ്ട്രാർക്ക് അനുവദിക്കുന്നതിനുള്ള അനുമതി നൽകിയിട്ടുണ്ട്. ബന്ധപ്പെട്ട വായ്പ അക്കൗണ്ടുകളിൽ തുക വരവ് വെയ്ക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരികയാണ്. കേരള സംസ്ഥാന മത്സ്യത്തൊഴിലാളി കടാശ്വാസ കമ്മീഷൻ കടാശ്വാസം ശുപാർശ ചെയ്ത് നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളുമായി ബന്ധപ്പെട്ട കടങ്ങൾക്ക് കടാശ്വാസം അനുവദിക്കുന്നതുമായി ബന്ധപ്പെട്ട് ബാങ്കുകളുമായി അനുരഞ്ജന ചർച്ചകൾ നടന്നുവരികയാണ്. |
| (ബി) | സർക്കാർ അംഗീകരിച്ച ലിസ്റ്റു പ്രകാരം ഇനി എത്ര പേർക്ക് നിശ്ചിത തുക അനുവദിക്കുവാനുണ്ടെന്നും, ഇതിനായി സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്നും വ്യക്തമാക്കാമോ; | (ബി) | കടാശ്വാസ കമ്മീഷൻ ശുപാർശ ചെയ്ത് സർക്കാർ അംഗീകരിച്ച ലിസ്റ്റുകളിൽ ഉൾപ്പെട്ട 7640 പേർക്കായി ആകെ 60,20,38,660/ രൂപയുടെ കടാശ്വാസം അനുവദിക്കേണ്ടതുണ്ട്. സഹകരണ വകുപ്പിന്റെ പരിശോധന പൂർത്തിയാകുന്ന മുറയ്ക്ക് കടാശ്വാസം അനുവദിക്കുന്നതാണ്. നാഷണലൈസ്ഡ്/ഷെഡ്യൂൾഡ് ബാങ്കുകളിൽ നിന്ന് വായ്പ എടുത്ത മത്സ്യത്തൊഴിലാളികൾക്ക് കടാശ്വാസം നല്കുന്ന വിഷയം പരിശോധിച്ചു വരുന്നു. |
| (സി) | സർക്കാർ തുക അനുവദിക്കുമെന്ന പ്രതീക്ഷയിൽ ലോൺ തിരിച്ചടവില്ലാത്തതിനാൽ പലിശ, പിഴപ്പലിശ എന്നിവ ക്രമാതീതമായി വർദ്ധിക്കുന്ന സാഹചര്യം ഒഴിവാക്കുവാൻ സർക്കാർ സ്വീകരിക്കുവാനുദ്ദേശിക്കുന്ന നടപടിയെന്തെന്ന് വ്യക്തമാക്കാമോ? | (സി) | ഈ വിഷയം ഇപ്പോൾ പരിഗണനയിലില്ല. |

സെക്ഷൻ ഓഫീസർ